# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 12, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ നടപടി**

*271 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളത്തിന്റെയും കൃഷിക്കാവശ്യമായ രാസവസ്തുക്കളുടെയും വിലവർദ്ധനവ് കാരണം കർഷകർ പ്രതിസന്ധിയിലായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വളത്തിന്റെയും രാസവസ്തുക്കളുടെയും വില നിയന്ത്രണവിധേയമാക്കാനും സബ്സിഡി വർദ്ധിപ്പിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്നും ഇതിനായി നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

**എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കാൻ നടപടി**

*272 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ വി ശശി**

**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എല്ലാ കുടുംബങ്ങളിലും കാർഷികസംസ്കാരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ കുടുംബങ്ങളിലും കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതിയുടെ തുടർച്ചയായി പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഉൽപാദന, മൂല്യവർധിത, സേവന മേഖലകളിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## <u>ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവെക്കുന്ന കരിക്കുലം ചട്ടക്കൂട്</u>

*273 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസനയം മുന്നോട്ട് വയ്ക്കുന്ന കരിക്കുലം ചട്ടക്കൂടിന്റെ സ്വഭാവത്തിൽനിന്നും ഏതെല്ലാം തരത്തിലാണ് കേരളം നിർദ്ദേശിക്കുന്ന കരിക്കുലം ചട്ടക്കൂട് വ്യത്യസ്തമായിരിക്കുന്നത്; കേരളത്തിന്റേതായ പ്രായോഗിക ബദലുകൾ എങ്ങനെയാണ് ഉൾച്ചേർത്തിരിക്കുന്നത് എന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(ബി) മികവിനും ഗുണനിലവാരത്തിനുമൊപ്പം പ്രാപ്യതയും തുല്യതയും ഉറപ്പുവരുത്തണമെന്ന കാഴ്ചപ്പാട് കേരളം മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

*274 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെറാഡൂണിൽ നടന്ന 38-ാമത് ദേശീയ ഗെയിംസിൽ, ചരിത്രത്തിലാദ്യമായി സംസ്ഥാനം പതിനാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കായിക സംഘടനകൾ സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കായിക സംഘടനകൾക്കുള്ള സഹായം നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ക്ഷീരസംസ്കരണ പ്ലാന്റുകൾ</u>**

*275 **ശ്രീമതി കാനത്തിൽ ജമീല**

**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും ശേഖരിക്കുന്ന പാൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി ക്ഷീരസംഘങ്ങൾക്കുണ്ടാകുന്ന ബാധ്യത പരിഹരിക്കുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ക്ഷീരസംഘങ്ങൾ സംഭരിക്കുന്ന പാൽ സംസ്കരിക്കുന്നതിന് ആവശ്യമായി വരുന്ന ഊർജ്ജം, മലിനജല സംസ്കരണസംവിധാനം എന്നിവ പാൽ സംസ്കരണപ്ലാന്റുകൾക്ക് ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കാബ്കോ കമ്പനിയിലെ ഓഹരി വിഹിതം</u>**

*276 **ശ്രീ വി ജോയി**

**ശ്രീ. ടി.ഐ.മധുസൂദനൻ**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി രൂപീകരിച്ച കാബ്കോ (കേരള അഗ്രോ ബിസിനസ്സ് കമ്പനി)യുടെ ഓഹരി നബാർഡ് എടുക്കുന്നതിന് ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കമ്പനിയിൽ സർക്കാരിന്റെ ഓഹരി വിഹിതം എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; വ്യക്തിഗത കൃഷിക്കാർക്കും കർഷക കൂട്ടായ്മകൾക്കും ഓഹരി ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കാബ്കോയുമായി നബാർഡിനെ സഹകരിപ്പിക്കുന്നതിലൂടെ കാർഷികോല്പന്ന വിപണന രംഗത്ത് പൊതുവായി എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

**<u>സർവകലാശാലകളെ ഒരു കുടക്കീഴിലാക്കാൻ പദ്ധതി</u>**

*277 **ശ്രീ സി കെ ഹരീന്ദ്രൻ**

**ഡോ. കെ. ടി. ജലീൽ**

**ശ്രീ. കെ.വി.സുമേഷ്**

**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളെയെല്ലാം ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ എല്ലാ സ്ഥാപനങ്ങൾക്കും പരസ്പരപൂരക സ്വഭാവത്തോടെ മുന്നേറാൻ എത്രത്തോളം സഹായകമാവുമെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള പ്രക്രിയയിലെ വിവരശേഖരണവും സൂക്ഷിപ്പും പ്രസ്തുത സംവിധാനം വഴിയാക്കുമോ; വിശദാംശം നൽകാമോ?

## <u>നാലുവർഷ ബിരുദ കോഴ്സുകൾ</u>

*278 **ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. അനൂപ് ജേക്കബ്**

**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവർഷ ബിരുദപ്രോഗ്രാം എന്താണെന്നും ഇതിന്റെ സവിശേഷതകൾ എന്തെല്ലാമെന്നും വിശദമാക്കുമോ; ബിരുദപഠനത്തിന് തിരഞ്ഞെടുക്കാവുന്ന പാത്ത്‌വേകൾ ഏതെല്ലാമെന്നറിയിക്കുമോ; വ്യക്തമാക്കുമോ;

(ബി) നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിൽ വരുത്തിയതിനു ശേഷമുള്ള സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത കോഴ്സിലെ കുട്ടികളുടെ ആദ്യ സെമസ്റ്റർ പരീക്ഷകൾ നടത്തുകയും അവയുടെ മൂല്യനിർണയം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) വിദ്യാർത്ഥികൾക്കാവശ്യമായ സ്കിൽ, തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇവർക്കാവശ്യമായ ഓൺലൈൻ കോഴ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ഇ) ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യം എന്തെന്ന് വിശദീകരിക്കുമോ?

## <u>കൃഷിഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി</u>

*279 **ഡോ. എം. കെ. മുനീർ**

**ശ്രീ. പി. കെ. ബഷീർ**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള കൃഷി ഭവനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കർഷകരുമായി ആശയവിനിമയം നടത്താനുള്ള സൗകര്യവും തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സ്ഥലവും ഇല്ലാത്ത കൃഷി ഭവനുകളിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൃഷി ഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>തെങ്ങ് കൃഷിയിൽ ശാസ്ത്രീയ പരിപാലന രീതി</u>

*280 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങ് കൃഷിയിൽ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും ശാസ്ത്രീയ പരിപാലന രീതികളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രത്യേകമായ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ക്യാമ്പയിനിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## <u>സർവ്വകലാശാലകൾക്ക് ലഭിച്ച ഉയർന്ന നാക് ഗ്രേഡുകൾ</u>

*281 **ശ്രീ. എം.വിജിൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാര പരിശോധനയിൽ സംസ്ഥാന സർവ്വകലാശാലകൾക്ക് ഉയർന്ന ഗ്രേഡുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകൾക്ക് ഏതൊക്കെ ഗ്രേഡുകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഉയർന്ന ഗ്രേഡുകൾ ലഭിക്കുന്നതിനടിസ്ഥാനമായി എന്തൊക്കെ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങളാണ് സർവ്വകലാശാലകളിൽ നടത്തി വരുന്നത്; വിശദാംശങ്ങൾ നൽകാമോ?

## <u>പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി സാന്നിധ്യം</u>

*282 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന പച്ചക്കറികളിലും പഴങ്ങളിലും അമിതമായ തോതിൽ കീടനാശിനികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കീടനാശിനികളുടെ സാന്നിധ്യം പരിശോധിക്കുന്നതിന് കൂടുതൽ ലബോറട്ടറികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>റാഗിംഗ് തടയാൻ നടപടി</u>**

*283 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനായി ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ് എന്നിവ രൂപീകരിക്കണമെന്ന് യു.ജി.സി. മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള കമ്മിറ്റികൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) റാഗിംഗ് നടത്തുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്താനും റാഗിംഗ് തടയാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്നറിയിക്കുമോ; വിശദമാക്കുമോ?

**<u>ഗുണനിലവാരമുള്ള മാംസോത്പന്നങ്ങൾ</u>**

*284 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള മാംസോത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അറവുപ്രവൃത്തികൾക്ക് ആധുനികവും ശാസ്ത്രീയവുമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മാംസം കൊണ്ടുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ഇലക്ട്രിക് വെഹിക്കിൾ പോളിസി

*285 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾ പോളിസി നടപ്പിലാക്കിയിട്ടുണ്ടോ; പാരമ്പര്യേതര ഊർജ്ജ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും പാരിസ്ഥിതികാഘാതം ലഘൂകരിക്കുന്നതിനും പ്രസ്തുത പോളിസി എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പോളിസി മോട്ടോർ വാഹന വകുപ്പിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി പുതുതായി രജിസ്ട്രേഷൻ നടത്തുന്ന ഓട്ടോറിക്ഷകൾക്ക് സബ്സിഡി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതി

*286 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2030-ൽ റോഡപകടങ്ങൾ പകുതിയായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി നാറ്റ്പാക് എന്തെങ്കിലും പദ്ധതി തയ്യാറാക്കി ഗതാഗതവകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദമാക്കുമോ;

(സി) അപകടമേഖലകളായ ബ്ലാക്ക്സ്പോട്ടുകൾ പുതുക്കി നിർണ്ണയിക്കാനും പ്രസ്തുത മേഖലകളിൽ ഗതാഗതവകുപ്പ് ഉദ്യോഗസ്ഥരെ നിരന്തരനിരീക്ഷണത്തിന് നിയോഗിക്കാനും ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ

*287 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല ക്ഷീരസംഘങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങളില്ലാത്തത് അവയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇത് ക്ഷീരസംഘങ്ങൾക്ക് എത്രത്തോളം സഹായകമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ക്ഷീരസംഘങ്ങളിൽ ആവശ്യമായ ഊർജ്ജലഭ്യത, മലിനജല സംസ്കരണം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

*288 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നാളികേര ഉല്പാദനചെലവ് കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) ഈ രംഗത്ത് യന്ത്രവൽക്കരണം സാധ്യമാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും തെങ്ങുകയറ്റ തൊഴിലാളികളുടെ കൂട്ടായ്മകൾ രൂപീകരിച്ച് യഥാസമയം തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തരിശുഭൂമിയിൽ ആധുനിക കൃഷി

*289 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ദെലീമ**
**ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുഭൂമിയിൽ ഇടവിള കൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങൾ ഏറ്റെടുത്ത് ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനവും കാർഷിക വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറാതെ തന്നെ കൃഷിക്കായി ഭൂമി വിട്ടുനൽകുന്നതിന് പ്രസ്തുത പദ്ധതി വഴി സാധ്യമാണോ; ഇതിലൂടെ ഭൂവുടമകൾക്ക് വരുമാനം ലഭ്യമാക്കുമോ; വിശദാംശം നൽകാമോ;

(സി) കാർഷിക മേഖലയിൽ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന ഭൂരഹിത യുവാക്കൾക്ക് പ്രസ്തുത പദ്ധതി എത്രത്തോളം പ്രയോജനകരമാണ്; വിശദമാക്കുമോ?

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയുന്നതിന് നടപടി

*290 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാഗിംഗ് ഒഴിവാക്കുന്നതിന് സംവിധാനങ്ങളും നിയമങ്ങളും നിലവിലുണ്ടെങ്കിലും സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് വർധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് വിരുദ്ധ സെല്ലുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) റാഗിംഗിന് ഇരയാകുന്ന വിദ്യാർത്ഥികൾക്ക് നിർഭയമായി പരാതിപ്പെടുന്നതിനും അവർക്ക് ഉടനടി നീതി ലഭ്യമാക്കുന്നതിനും ജുഡീഷ്യൽ സംവിധാനം സജ്ജമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>മൃഗസംരക്ഷണ ഫാമിംഗ് ചട്ടങ്ങളിലെ ഇളവുകൾ</u>**

*291 **ശ്രീ. എം. എം. മണി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പ്രദേശങ്ങളിൽ ഫാമുകൾ തുടങ്ങുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇളവുകൾ മൃഗസംരക്ഷണ ഫാമിംഗ് മേഖലയിൽ കൂടുതൽ സംരംഭകർ കടന്നുവരുന്നതിനും തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുന്നതിനും സഹായകമാവുമോ; വിശദാംശം നൽകാമോ;

(സി) പുതുക്കിയ ചട്ടങ്ങൾ പ്രകാരം ഏതൊക്കെ ഫാമുകൾക്കാണ് ലൈസൻസ് ഒഴിവാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മറ്റ് എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത ചട്ടങ്ങളിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

**<u>കായിക മേഖലയുടെ ഉന്നമനം</u>**

*292 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികമേഖലയെ ദേശീയ-അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലും കേരള ഒളിമ്പിക് അസോസിയേഷനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ലോകോത്തര നിലവാരത്തിലെത്താൻ സാധ്യതയുള്ള കുട്ടികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി ആയതിനുള്ള പരിശീലനം നൽകുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**<u>മൃഗസംരക്ഷണമേഖലയിൽ ഫാം ടൂറിസം പദ്ധതി</u>**

*293 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി, മൃഗപരിപാലനം, മത്സ്യകൃഷി എന്നിവ ഉൾപ്പെടുത്തി സംയോജിതകൃഷി നടത്തുന്ന മൃഗസംരക്ഷണമേഖലയിലെ ഫാം ടൂറിസം സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിന് ഫാം ടൂറിസം പദ്ധതി സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഫാം ടൂറിസത്തിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനുമായി ഓൺലൈൻ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>ഇലക്ട്രിക് വാഹനമേഖലയിൽ ഗവേഷണവും പരിശീലനവും</u>**

*294 **ശ്രീ എം മുകേഷ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ ഗവേഷണവും പരിശീലനവും നൽകുന്നതിന് ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇ-മൊബിലിറ്റി പ്രൊമോഷന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

## പഴവർഗ്ഗ വികസന പദ്ധതി

*295 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി പഴവർഗ്ഗ വികസന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഫലവൃക്ഷ തൈകൾ നടുന്നതിനും ഫലവർഗ്ഗ കാർഷിക വിസ്തൃതി വ്യാപിപ്പിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നടപടികളിലൂടെ ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## കായികക്ഷമതയുള്ള യുവതലമുറ

*296 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികക്ഷമതയുള്ള യുവതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കായികരംഗത്തേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് വിദഗ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരണം

*297 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കായികരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഇതുവഴി ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

## ട്രാൻസ്ജെൻഡറുകൾക്കായി കലാട്ടൂപ്പ്

*298 **ശ്രീമതി ദെലീമ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡറുകളുടെ സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക കലാട്ടൂപ്പ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോഗ്രാമാണ് സജ്ജമാക്കുന്നതെന്നും കൃത്യമായ വരുമാനം ഉറപ്പുവരുത്തുന്നുണ്ടോയെന്നും വിശദമാക്കുമോ;

(സി) ട്രാൻസ്ജെൻഡറുകളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

## ജലഗതാഗതം മെച്ചപ്പെടുത്താൻ നടപടി

*299 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതം മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജലഗതാഗതത്തിനായി ഉപയോഗിക്കുന്ന പഴകിയ ബോട്ടുകൾ മാറ്റി പുതിയവ നൽകുന്നതിനും ബോട്ട് ജെട്ടികൾ നവീകരിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## ഡബിൾ ഡക്കർ ബസ്സ് സർവ്വീസ്

*300 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡബിൾ ഡക്കർ ബസ്സ് സർവ്വീസ് എവിടെയെല്ലാമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ബസ്സുകളിൽ രൂപമാറ്റം വരുത്തി ഡബിൾ ഡക്കർ ബസ്സുകളിൽ പൊതുജനങ്ങളെ കയറ്റി സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയത് മോട്ടോർ വാഹന ചട്ടത്തിലെ ഏത് വകുപ്പ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സംരക്ഷണ കവചവും മേൽമൂടിയുമില്ലാതെ ഡബിൾ ഡക്കർ ബസ്സുകളിൽ കുട്ടികൾ ഉൾപ്പെടെയുള്ളവർ ഉല്ലാസയാത്ര ചെയ്യുമ്പോൾ വാഹനത്തിനോ യാത്രക്കാർക്കോ അപകടമുണ്ടായാൽ രൂപമാറ്റം വരുത്തി പൊതുനിരത്തിൽ വാഹനം ഓടിക്കാൻ അനുവാദം നൽകിയ ഉദ്യോഗസ്ഥനിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ടൂറിസം മേഖലയിൽ സ്വകാര്യ വ്യക്തികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും ഇപ്രകാരം വാഹനങ്ങൾ രൂപമാറ്റം വരുത്തി ടൂർ ഓപ്പറേറ്റ് ചെയ്യാൻ അനുവാദം നൽകാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 4, ചൊവ്വ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].